File No.TCPPTA/306/2019-C

## നഗരാസൂത്രകന്റെ കാര്യാലയം, പത്തനംതിട്ട

## നഗരാസൂത്രകന്റെ നടപടിക്രമം

**നഗരാസൂത്രകന്റെ കാര്യാലയം, പത്തനംതിട്ട- കടപ്ര ഗ്രാമപഞ്ചായത്ത് ഗ്യാസ് ഗോഡൗൺ നിർമ്മാണം- ശ്രീമതി സനിജ എ, ദാറുൽഹിലാൽ, ഞാക്കനാൽ പി.ഓ, കൊല്ലം - സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്**

പരാമർശം :- കടപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25/03/19 ലെ A2.1533/2019 നമ്പർ കത്ത്

*************************************************************

ഉത്തരവ് നമ്പർ :-TCPPTA/306/2019-C **06/04/2019**

*************************************************************

കടപ്ര ഗ്രാമ പഞ്ചായത്തിൽ കടപ്ര വില്ലേജിൽ റീ സർവ്വേ നമ്പർ 97/11 ൽ ഉൾപ്പെട്ട 7.50 ആർ വിസ്തീർണമുള്ള പ്ലോട്ടിൽ 64.27 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള ഗ്യാസ് ഗോഡൗൺ (Group.I– Hazardous Occupancy), അനുബന്ധമായി 6.40 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള ടോയ്‌ലെറ്റ് എന്നിവ നിർമിക്കുന്നതിന് താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരളാ പഞ്ചായത്ത് കെട്ടിട നിർമാണച്ചട്ടം 2011 (KPBR -2011), ചട്ടം 61 (1),(2), ചീഫ് ടൗൺ പ്ലാനറുടെ 03.1.2018 ലെ E3/13128/17 നമ്പർ ഉത്തരവ് എന്നിവയ്ക്ക് അനുസൃതമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടത്തിന്റെ ലേ-ഔട്ടിനും അംഗീകാരം നൽകുന്നു.

താഴെപ്പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/ എൻ.ഓ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളൂ.

<u>നിബന്ധനകൾ</u>

1. കെ.പി. ബി. ആർ 2011 ലെ ചട്ടം.11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ ഉടമസ്ഥാവകാശം, നിർമാണാവകാശം, എന്നിവയും നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം. രജിസ്റ്റേർഡ് ലീസ് എഗ്രിമെന്റിന്റെ സാധുതയും പരിശോധിച്ച് ഉറപ്പ് വരുത്തണം.

2. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ

സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക അനുസൃതമായിരിക്കണം. സ്ഥലത്തിന്റെ തരം സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഇത് ഉറപ്പുവരുത്തേണ്ടതാണ്.

3. കേരളാ പഞ്ചായത്ത് കെട്ടിട നിർമാണചട്ടം 2011 (KPBR -2011), ചട്ടം 61(4) പ്രകാരമുള്ള വാഹന ഗതാഗത യോഗ്യമായ വഴി (motorable acees) പ്രധാന വഴിയിൽ നിന്നും പ്ലോട്ടിലേക്ക് ലഭ്യമാക്കണം. വാഹനങ്ങൾ സുഗമമായും സുരക്ഷിതമായും കടന്നു പോകുന്ന വിധത്തിൽ വഴി ലഭ്യമാക്കണം. സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരമുള്ള റോഡ് ഉപയോഗം 2008 ലെ കേരളം നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ എന്നിവയ്ക്ക് വിരുദ്ധമാകരുത്. ഇപ്രകാരമുള്ള റോഡ് ഉപയോഗത്തിന് ബന്ധപ്പെട്ട അധികാരികളുടെ അനുമതി വാങ്ങി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക മുൻപാകെ ഹാജരാക്കേണ്ടതാണ്. സ്വാഭാവിക ജല നിർഗമന മാർഗങ്ങൾ അടഞ്ഞു പോകരുത്

4. കട്ടിങ് / ഫില്ലിംഗ് എന്നിവയ്ക്ക് ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കണം.

5. നിർദിഷ്ട നിർമാണം flood level ൽ നിന്നും ഉയർന്ന നിരപ്പിൽ നിന്നും ആരംഭിക്കണം

6. KPBR-2011, ചട്ടം 61(16) പ്രകാരമുള്ള In-situ liquid waste management treatment plant നൽകിയിരിക്കണം.

7. KPBR-2011, ചട്ടം 61(17) പ്രകാരമുള്ള Re-cycling and reusing of waste water generated നുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.

8. നിർമ്മാണം കെ.പി.ബി.ആർ-2011 നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

*ഈ ഉത്തരവ് കെട്ടിട നിർമാണം ആരംഭിക്കുന്നതിനുള്ള അനുമതിയില്ല. കടപ്ര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ആവശ്യമായ അനുമതികൾ ലഭിച്ച ശേഷം മാത്രമേ നിർമാണം ആരംഭിക്കുവാൻ പാടുള്ളു*

**ANILKUMAR P, TP TPPTA, O/O TP TPPTA**

ഉള്ളടക്കം :-അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ(1 സെറ്റ്)

സെക്രട്ടറി, കടപ്ര ഗ്രാമപഞ്ചായത്ത്
പകർപ്പ്:- 1 ശ്രീമതി സനിജ എ, ദാറുൽഹിലാൽ,
ഞാക്കനാൽ പി.ഓ, കൊല്ലം, പിൻ 690526
2 ഓഫീസ് കോപ്പി
3 വെബ് സൈറ്റ്
4 അധികം